# അക്കാദമിക മാസ്റ്റർ പ്ലാൻ

# ഗവ.ഗേൾസ്.എച്ച്.എസ്.എസ്
# നോർത്ത് പറവൂർ

# അക്കാദമിക മാസ്റ്റർ പ്ലാൻ



ഗവ.ഗേൾസ് എച്ച്.എസ്.എസ്.
നോർത്ത് പറവൂർ പി.ഒ
എറണാകുളം ജില്ല
പിൻ-683513

# ഉള്ളടക്കം

- ആമുഖം
- പൊതുലക്ഷ്യങ്ങൾ
- സർഗ്ഗോത്സവം
- മികവിനായി ഏറ്റെടുക്കുന്ന പ്രവർത്തനങ്ങൾ
    - അക്കാദമികം
    - ഭൗതികം
    - സാമൂഹികം
- മലയാളത്തിളക്കം
- ശ്രദ്ധ
- നവപ്രഭ
- ഉപസംഹാരം

# അടിസ്ഥാന വിവരങ്ങൾ

| | | |
|---|---|---|
| വിദ്യാലയത്തിന്റെ പേര് | – | ഗവ.ഗേൾസ് എച്ച്.എസ്.എസ്. നോർത്ത് പറവൂർ |
| വിലാസം | – | നോർത്ത് പറവൂർ പി.ഒ, |
| | | എറണാകുളം ജില്ല, 683513 |
| ഫോൺ | – | 0484 244607 |
| സ്കൂൾ കോഡ് | – | 25069 (എച്ച്.എസ്.) |
| വിദ്യാഭ്യാസ ഉപജില്ല | – | എൻ. പറവൂർ |
| വിദ്യാഭ്യാസ ജില്ല | – | ആലുവ |
| റവന്യു ജില്ല | – | എറണാകുളം |
| ബി.ആർ.സി | – | എൻ.പറവൂർ |
| സി.ആർ.സി | – | ജി.യു.പി.എസ്. കിഴക്കേപ്രം |
| തദ്ദേശസ്വയംഭരണസ്ഥാപനം | – | നോർത്ത് പറവൂർ മുനിസിപ്പാലിറ്റി |
| നിയമസഭാമണ്ഡലം | – | എൻ. പറവൂർ |
| ലോക്സഭാമണ്ഡലം | – | എറണാകുളം |
| താലൂക്ക് | – | എൻ.പറവൂർ |
| വില്ലേജ് | – | എൻ.പറവൂർ |
| ഇ–മെയിൽ | – | gghssnpr@gmail.com |
| സ്കൂൾ വിക്കി | – | GOVT. GIRLS HSS, N. PARAVUR |
| | | ഗവ.ഗേൾസ് എച്ച്.എസ്.എസ്.,എൻ. പറവൂർ |

# ആമുഖം

വിദ്യാവിലാസിനി സ്കൂൾ ആരംഭിക്കുന്നതിന് മുമ്പ്, പറവൂരിൽ പെൺകുട്ടികൾക്കായി പള്ളിവക ഒരു ബാലിക പാഠശാല മാത്രമാണു ണ്ടായിരുന്നത്. ആർ.വി ഇംഗ്ലീഷ് ഹൈസ്കൂളിൽ പെൺകുട്ടികളെ പ്രവേശി പ്പിച്ച് തുടങ്ങിയിരുന്നു അന്ന്. എന്നാൽ പ്രാഥമിക തലത്തിൽ പെൺകുട്ടി കൾക്ക് ഇംഗ്ലീഷ് പഠിക്കാൻ ഒരു സർക്കാർ വിദ്യാലയം അനിവാര്യമാണ് എന്ന് നാട്ടുകാർക്ക് ബോദ്ധ്യമായി.

ആയിടെ ദിവാൻ സർ.എ കൃഷ്ണൻനായർ പറവൂർ സന്ദർശിച്ചു. ശ്രീ. പറയത്ത് ഗോവിന്ദമേനോൻ, ശ്രീ. എ.ജി മേനോൻ, ശ്രീ. ആർ. ഈശ്വരപിള്ള, ശ്രീ. എ. ബാലകൃഷ്ണപിള്ള തുടങ്ങിയവർ ചേർന്ന് ഒരു ബാലിക പാഠശാല പറവൂരിൽ സ്ഥാപിക്കാൻ നിവേദനം നൽകിയതിന്റെ ഫലമായി ശ്രീ. ആർ ഈശ്വരപിള്ള പ്രസിഡന്റായി 10 പേരടങ്ങുന്ന ഒരു വിദ്യാഭ്യാസസമിതി നിയമിക്കപ്പെട്ടു. താമസിയാതെ തന്നെ ഒരു വാടക ക്കെട്ടിടത്തിൽ സ്കൂൾ പ്രവർത്തിക്കുവാനും തുടങ്ങി. പൊട്ടൻതെരുവിൽ വെങ്കിടാചലപതി ക്ഷേത്രത്തിന്റെ കിഴക്കുവശത്ത്, റോഡരുകിൽ ഒരു വാടകക്കെട്ടിടത്തിലാണ് സ്കൂൾ ആരംഭിച്ചത്. കമ്മറ്റിയുടെ അശ്രാന്ത പരിശ്രമഫലമായി, താമസംവിന ഇന്നു കാണുന്ന സ്ഥലത്ത് 'വിദ്യാവിലാസിനി'ക്ക് പുതിയ കെട്ടിടമുണ്ടായി. വിദ്യാലയത്തിന് വിശാലവും മനോഹരവുമായ ഒരു കെട്ടിടവും തോട്ടവും വേണ്ട സാമഗ്രികളും ശ്രീ പറയത്ത് ഗോവിന്ദമേനോന്റെ ഔദാര്യത്തിന് ഫലമായി സിദ്ധിച്ചു എന്നാണ് ശ്രീ. ആർ ഈശ്വരപിള്ള തന്റെ സ്മരണകളിൽ 141-ാം പേജിൽ രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ പി. കേശവദേവിന്റെ ആത്മകഥയിൽ ഇക്കാര്യം മറ്റൊരു വിധമാണ് ചിത്രീകരിച്ചു കാണുന്നത്. പറവൂരിലെ വലിയ കുടുംബങ്ങളിലെ പെൺകുട്ടികളെ ആൺകുട്ടികളോടൊന്നിച്ച് പഠിക്കുവാൻ അയയ്ക്കാൻ രക്ഷകർത്താക്കൾക്ക് പ്രതിഷേധമുണ്ടായിരുന്നു. അതുകൊണ്ട്

പ്രമാണികളായ ഏതാനും പേരുടെ ശ്രമഫലമായി പെൺകുട്ടികൾക്കു മാത്രം വിദ്യാവിലാസിനി എന്ന പേരിൽ ഒരു ഇംഗ്ലീഷ് മീഡിയം സ്കൂൾ സ്ഥാപിച്ചു. ശ്രീ. കെ.ജി ഗോപാലകൃഷ്ണപിള്ളയും അദ്ദേഹത്തിന്റെ ജ്യേഷ്ഠൻ ശ്രീ. കരുണാകരപിള്ളയും ആയിരുന്നു സ്കൂളിന്റെ പ്രധാന പ്രവർത്തകർ. പ്രധാന ആദ്യകാല അദ്ധ്യാപകരും അവർ തന്നെ എന്ന് 'എതിർപ്പ് ഒന്നാം ഭാഗം' പേജ് 106 ൽ പ്രതിപാദിച്ചിരിക്കുന്നു.

അരനൂറ്റാണ്ടിലേറെക്കാലം ഒരു അപ്പർ സെക്കന്ററി ഗേൾസ് സ്കൂളായി സ്തുത്യർഹമായ സേവനം കാഴ്ചവച്ചതിന് ശേഷമാണ് 1964 ൽ ഇന്നു കാണുന്ന ഗവ. ഗേൾസ് ഹൈസ്കൂളിനോട് വിദ്യാവിലാസിനി യോജിപ്പിച്ചത്.

## സ്കൂളിന്റെ ഇന്നത്തെ അവസ്ഥ

യു.പി.,ഹൈസ്കൂൾ എന്നീ വിഭാഗങ്ങൾ പ്രവർത്തിക്കുന്ന ഈ സ്കൂളിൽ ഹെഡ്മിസ്ട്രസിനെ കൂടാതെ 10 മുഴുവൻ സമയ അദ്ധ്യാപകരും 2 വർക്ക് അറേഞ്ച് അദ്ധ്യാപകരും ആണുള്ളത്.

യു.പി.യിൽ ഓരോ ഡിവിഷനും ഓരോ അദ്ധ്യാപകർ എന്ന ക്രമത്തിൽ 3 അദ്ധ്യാപകർ.

ഹൈസ്കൂളിൽ

മലയാളം – 1

സംസ്കൃതം – 1

ഹിന്ദി – 1

ഫിസിക്കൽ സയൻസ് – 1

കണക്ക് – 1

സോഷ്യൽ സയൻസ് – 1

കൂടാതെ ഐ.ടി ഇൻസ്ട്രക്ടർ എന്ന പോസ്റ്റിൽ വർക്ക് അറേഞ്ചിൽ വന്ന് ഒരു അദ്ധ്യാപികയും വർക്ക് അറേഞ്ച്മെന്റ് പ്രകാരം മറ്റൊരു സ്കൂളിനു കൂടി പ്രവർത്തിക്കുന്ന ഫിസിക്കൽ എജ്യുക്കേഷൻ അദ്ധ്യാപികയും.

സ്കൂളിന് ഓഫീസ് സ്റ്റാഫായി

| | |
|---|---|
| ക്ലാർക്ക് | 1 |
| ഓഫീസ് അസിസ്റ്റന്റ് | 2 |
| എഫ്.ടി.എം | 1 |

എന്നിങ്ങനെ 4 സ്റ്റാഫാണുള്ളത്

യു.പി.ക്ലാസ്സുകളിൽ ഉം ഹൈസ്കൂൾ ക്ലാസ്സുകളിലായി കുട്ടികളും ഇവിടെ പഠിക്കുന്നു.

| | |
|---|---|
| സ്റ്റാന്റേർഡ് 5 | – 4 |
| സ്റ്റാന്റേർഡ് 6 | – 3 |
| സ്റ്റാന്റേർഡ് 7 | – 10 |
| സ്റ്റാന്റേർഡ് 8 | – 18 |
| സ്റ്റാന്റേർഡ് 9 | – 32 |
| സ്റ്റാന്റേർഡ് 10 | – 32 |

ആകെ വിദ്യാർത്ഥിനികൾ പഠിക്കുന്ന സ്കൂളിൽ സ്റ്റുഡന്റ്സ് കൗൺസിലർ എന്ന പദവിയിൽ സാമൂഹ്യക്ഷേമ നീതി വകുപ്പിൽ നിന്നും ഒരു കൗൺസിലർ ആഴ്ചയിൽ 4 ദിവസം സ്കൂളിൽ പ്രവർത്തിക്കുന്നു. കൂടാതെ കുട്ടികളുടെ ആരോഗ്യം ഉറപ്പുവരുത്തുന്നതിന് ആരോഗ്യവകുപ്പിൽ നിന്ന് ഒരു JPHN ആഴ്ചയിൽ 1 ദിവസം ഇവിടെ പ്രവർത്തിക്കുന്നു.

## നേട്ടങ്ങൾ

**ഭൗതികം**

- ക്ലാസ് മുറികളുള്ള വൈദ്യുതീകരിച്ച കെട്ടിടം
- ടൈൽ പാകിയ 7 ക്ലാസ് മുറികൾ
- അടുക്കളെ, ഡൈനിങ്ങ് ഹാൾ
- സ്മാർട്ട് റൂം, കമ്പ്യൂട്ടർ ലാബ്, ലൈബ്രറി





**അക്കാദമികം**

തുടർച്ചയായി കഴിഞ്ഞ 10 വർഷങ്ങളിൽ 96% മുതൽ 100% വരെ വിജയം കൈവരിച്ചുകൊണ്ടിരിക്കുന്നു.

- 2016-17 അധ്യയനവർഷം പറവൂർ ഉപജില്ലയിലെ മികച്ച വിജയം നേടിയ ഗവൺമെന്റ് സ്കൂളിനുള്ള പുരസ്കാരം കരസ്ഥമാക്കി.





- ജെ.ആർ.സി എന്ന സംഘടന നല്ല രീതിയിൽ പ്രവർത്തിക്കുന്നു.



- കസ്റ്റംസ് വിഭാഗത്തിന്റെ നേതൃത്വത്തിൽ 2 കുട്ടികൾക്കുള്ള സമഗ്രവികസനം ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന കസ്റ്റംസ് കേഡറ്റ് കോർപ്പ്സ്.



- കുട്ടികളോട് അധ്യാപകർക്കും, മാതാപിതാക്കൾക്കും സമൂഹത്തിനുള്ള ഉത്തരവാദിത്വവും തിരിച്ചും, കുട്ടികൾക്ക് സമൂഹത്തിനോടുള്ള ഉത്തരവാദിത്വം വളർത്തുന്നതിനുള്ള ഒ.ആർ.സി.



- കുട്ടികൾക്ക് സ്കൂളിൽ എത്തിച്ചേരുന്നതിനുള്ള വാഹനസൗകര്യം.

# സ്കൂൾ നേരിടുന്ന പ്രധാന പരിമിതികൾ

**ഭൗതികം**

- നിലവിലുള്ള കെട്ടിടത്തിന്റെ കാലപഴക്കവും ചോർച്ചയും
- ക്ലാസ് മുറികളുടെ അപര്യാപ്തത
- അസംബ്ലി ഹാൾ
- ജൈവ വൈവിധ്യപാർക്ക്
- ഗേൾസ് ഫ്രണ്ട്‌ലി ടോയ്‌ലറ്റ്
- പൂന്തോട്ടം
- ഔഷധതോട്ടം
- കളിസ്ഥലം-നവീകരണം
- ഗ്രൗണ്ട്, വരാന്ത, ടോയ്‌ലറ്റിലേയ്ക്കുള്ള നടപ്പാത ടൈലിംഗ്
- മാലിന്യസംസ്കരണ യൂണിറ്റ്
- പ്രധാന കവാടം മുതൽ എച്ച്.എസ് സ്കൂൾ കെട്ടിടം വരെയുള്ള നടപ്പാത സൗന്ദര്യവൽക്കരണം
- ഇൻഡോർ സ്റ്റേഡിയം, വോളിബോൾ കോർട്ട്, ബാസ്കറ്റ് ബോൾ കോർട്ടുകളുടെ അഭാവം.

**അക്കാദമികം**

- പ്രവർത്തനങ്ങളിലൂടെ പഠനനേട്ടം കൈവരിക്കാൻ സഹായകമായ വിധത്തിലുള്ള ലാബുകളും മറ്റു സജ്ജീകരണങ്ങലും എല്ലാ വിഷയങ്ങൾക്കും
- എല്ലാ ക്ലാസ്മുറികളിലും സ്മാർട്ട് ക്ലാസ് റൂമുകളാക്കുക.
- ആധുനിക സജ്ജീകരണങ്ങളോടുകൂടിയ സയൻസ് ലാബ്
- പഠനയാത്രകൾ

- ആധുനികഝവിവരസാങ്കേതിക വിദ്യ കൈകാര്യം ചെയ്യാൻ മെച്ചപ്പെട്ട പരിശീലനം – വേണ്ടത്ര കമ്പ്യൂട്ടറുകളുടെ അഭാവം.
- സ്പെഷ്യലിസ്റ്റ് അധ്യാപകരുടെ അഭാവത്തിൽ ആ വിഷയങ്ങൾ കൈകാര്യം ചെയ്യേണ്ടി വരുന്ന മറ്റദ്ധ്യാപകരുടെ പരിമിതികൾ

## പൊതുലക്ഷ്യങ്ങൾ

- ഇവിടെ എത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും അതത് ക്ലാസുകളിൽ ലഭിക്കേണ്ടതായ പഠനശേഷികൾ നേടി എന്ന് ഉറപ്പുവരുത്തും. കൂടാതെ തികച്ചും സൗജന്യമായ വിദ്യാഭ്യാസം എല്ലാ ജനവിഭാഗങ്ങൾക്കും ഉറപ്പുവരുത്തും.
- കുട്ടികളുടെ സർഗ്ഗവാസനകൾ, അക്കാദമികമായ കഴിവുകൾ, കായികപരമായ കഴിവുകൾ ഞങ്ങളാലാവും വിധവും മറ്റു സമിതി കളുടെ സഹായത്തോടെയും പ്രോത്സാഹിപ്പിച്ച് ഉയർന്ന തലങ്ങളിൽ നേട്ടങ്ങൾ കൈവരിക്കാൻ പ്രാപ്തരാക്കും.
- ഐ.ടി തലത്തിൽ ശരാശരി നിലവാരമുള്ള കുട്ടികളെ കൂടുതൽ പ്രോത്സാഹനം നൽകി ഉയർന്ന തലങ്ങളിൽ ശ്രദ്ധേയ നേട്ടങ്ങൾ കൈവരിക്കുവാൻ പ്രാപ്തരാക്കും. കൂടാതെ ജോലിസാധ്യത മുന്നിൽ കണ്ട് അതിനനുയോജ്യമായ ക്ലാസുകൾ വിവിധ സമിതികളുടെ സഹായത്തോടെ നൽകും.
- ഏറ്റവും ആധുനികമായ സാങ്കേതികവിദ്യയും, അടിസ്ഥാന സൗകര്യങ്ങളുമുള്ള വിദ്യാലയാന്തരീക്ഷം ഘട്ടംഘട്ടമായി സൃഷ്ടിക്കുക.
- എം.എൽ.എ ഫണ്ടുപയോഗിച്ച് 4 ക്ലാസ് മുറികളുള്ള കെട്ടിടം പണി ആരംഭിച്ചിരിക്കുന്നു.
- മികച്ച മാനസിക–വൈകാരിക–ശാരീരിക ആരോഗ്യം ഉറപ്പാക്കുക.
- എല്ലാ കുട്ടികൾക്കും മലയാളം, സംസ്കൃതം, ഇംഗ്ലീഷ്, ഹിന്ദി ഭാഷകൾ സംസാരിക്കാനും വായിക്കാനും എഴുതാനുമുള്ള കഴിവ് ഉറപ്പുവരുത്തും.
- 200 പ്രവൃത്തിദിനങ്ങൾ ഉറപ്പാക്കും.

- എസ്.എസ്.എൽ.സി ക്ക് പരമാവധി എ പ്ലസുകളും, 100% വിജയവും നേടാൻ പ്രാപ്തരാക്കും.

## സർഗ്ഗോത്സവം

വിദ്യാർത്ഥികളുടെ നൈസർഗ്ഗീകവും ആർജ്ജിതവുമായ സർഗ്ഗവാസനകളെ പ്രോത്സാഹിപ്പിക്കുന്നതിനും പ്രതിഭകളെ കണ്ടെത്തുന്നതിനുമുള്ള വേദിയാണ് സർഗ്ഗോത്സവം. കുട്ടികൾ കഴിവിന്റെ അത്ഭുത നിധികളാണ്. ആ നിധികൾ കണ്ടെത്തുന്നതിനും, പോഷിപ്പിക്കുന്നതിനും, സധൈര്യം തനിമയോടെ സഹൃദയസമക്ഷം അവതരിപ്പിക്കുന്നതിനും വിദ്യാർത്ഥികൾക്ക് ലഭിക്കുന്ന മികച്ച അവസരമായാണ് ഞങ്ങളതിനെ കാണുന്നത്. രചന, സംഭാഷണം, അഭിനയം, ചമയം, വസ്ത്രാലങ്കാരം, സംഘാടനം, അവതരണം, സംഗീതം, ചിത്രരചന, പിന്നണി എന്നിവയെല്ലാം സമന്വയിക്കുന്ന മലയാളികൾക്ക് ചിരപരിചിതമായ നാടകം എന്ന ദൃശ്യശ്രാവ്യകലാരൂമാണ് സർഗ്ഗോത്സവത്തിനായി ഞങ്ങൾ തെരഞ്ഞെടുത്തിരിക്കുന്നത്. നാടകക്കളരി എന്നാണിതിന് പേര് നൽകിയിരിക്കുന്നത്.

### ഏകദിനശിൽപ്പശാല

വിദ്യാർത്ഥികൾക്ക് നാടകകലയെക്കുറിച്ച് വിശദമായി മനസ്സിലാക്കുന്നതിനും, അതവരണ മികവുകൾ സ്വായത്തമാക്കുന്നതിനും വിദഗ്ദ്ധരുടെ മേൽനോട്ടത്തിൽ ഏകദിനശിൽപ്പശാല സംഘടിപ്പിക്കുന്നു. കുട്ടികളുടെ പങ്കാളിത്തം ഉറപ്പുവരുത്തുന്നു. നാടകരചന മുതൽ അവതരണം വരെയുള്ള വിവിധ ഘട്ടങ്ങളെക്കുറിച്ച് മനസ്സിലാക്കുന്നതിലൂടെ സാധിക്കുന്നു.

### നാടകക്കളരി – പ്രയോജനങ്ങൾ

**1. വിവിധങ്ങളായ കഴിവുകളുടെ സംയോജനം**

രചന, സംഭാഷണം, കവിത, ചിത്രരചന, അഭിനയം, ചമയം, വസ്ത്രാലങ്കാരം, സംഘാടനം, സംവിധാനം എന്നിവയുടെ ഏകാപനമായ നാടകത്തിൽ വിദ്യാർത്ഥികളുടെ അഭിരുചിക്കിണങ്ങും വിധം മേഖലകൾ

തെരഞ്ഞെടുക്കുന്നതിനുള്ള ആവിഷ്കാരസ്വാതന്ത്ര്യം കുട്ടിക്ക് ലഭിക്കുന്നു. അതത് മേഖലയിൽ ഭാഷാപ്രയോഗശേഷി വർദ്ധിക്കുന്നു. അതോടൊപ്പം വ്യക്തിവികാസത്തിലേക്ക് നയിക്കുന്ന ആത്മവിശ്വാസത്തിനുടമയാകുന്നു.

**2. ഭാഷാനൈപുണി**

മലയാളം, സംസ്കൃതം, ഹിന്ദി, ഇംഗ്ലീഷ് എന്നീ ഭാഷകളിലുള്ള നാടകാവതരണത്തിലൂടെ സ്വതസിദ്ധമായ ശൈലിയിൽ ഭാഷ പ്രയോഗിക്കുന്നതിന് കുട്ടി പ്രാപ്തി നേടുന്നു. ഇതോടൊപ്പം ആശയവിനിമയ ശേഷി, രചനാശൈലി, ഉച്ചാരണശുദ്ധി, വാക്യഘടന തുടങ്ങിയ ഭാഷാപരമായ നൈപുണികൾ സ്വായത്തമാക്കാൻ സഹായിക്കുന്നു.

**3. വ്യക്തിത്വവികാസം**

നാടകരചന മുതൽ സംവാധാനം വരെയുള്ള ഘട്ടങ്ങളിൽ കുട്ടികളുടെ കൂട്ടായ്മ രൂപപ്പെടുത്തുന്നതിലൂടെ വ്യക്തിത്വവികാസം, സമയക്ലിപ്തത, പരസ്പരാംഗീകാരം, ആത്മവിശ്വാസം എന്നിവ സ്വായത്തമാക്കാൻ സാധിക്കുന്നു.

**4. ദിനാചാരണങ്ങളോനുബന്ധിച്ചുള്ള നാടകാവതരണം**

ദിനാചാരണങ്ങൾക്കനുബന്ധമായി നാടകാവതരണത്തിനുള്ള അവസരം നൽകുന്നു. ഉദാ – പരിസ്ഥിതിദിനം, സ്വാതന്ത്ര്യദിനം, റിപ്പബ്ലിക് ദിനം, ഹിരോഷിമദിനം, സംസ്കൃതദിനം, ചാന്ദ്രദിനം, ശ്രേഷ്ഠഭാഷാദിനം..

വിദ്യാർത്ഥികളിൽ സാമൂഹികാവബോധം, ലൈബ്രറിയുടെ ഉപയോഗം, അന്വേഷണ തത്പരത എന്നിവ രൂപപ്പെടുന്നു.

നാടകക്കളരി എന്ന ആശയം വിദ്യാർത്ഥികളുടെ പഠനത്തോടൊപ്പം സമഗ്രമായ വ്യക്തിത്വംവികാസവും മൂല്യബോധവും ലക്ഷ്യമിടുന്നു.

## മികവിനായി ഏറ്റെടുക്കുന്ന പ്രവർത്തനങ്ങൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| • ഭാഷാശേഷി വികസനം<br>• ഇംഗ്ലീഷ് പഠന പരിപോഷണം<br>• ഗണിതശേഷി വികസനം<br>• ശാസ്ത്രപോഷണ പരിപാടി<br>• വായനാ പരിപോഷണം<br>• ലബോറട്ടറി ആധുനികവൽക്കരിക്കൽ<br>• ജൈവവൈവിധ്യപാർക്ക്<br>• പഠനയാത്രകൾ<br>• ഗണിതലാബ്<br>• ഭാഷാ ലാബ്<br>• കായികപഠനം<br>• ക്ലാസ്സ് പി.ടി.എ<br>• സജീവമാക്കൽ<br>• ഐ.ടി. പരിശീലനം<br>• ബ്ലോഗ് നിറയ്ക്കൽ യജ്ഞം | • കെട്ടിടം<br>• കളിസ്ഥലം<br>• അസംബ്ലി ഹാൾ<br>• പൂന്തോട്ടം<br>• വരാന്ത, ടോയ്ലറ്റിലേക്കുള്ള നടപ്പാത ടൈലിംഗ്<br>• ട്രെസ്സ് വർക്ക്<br>• സൗരോർജ്ജ പാനൽ<br>• സ്കൂൾ ബസ്സ്<br>• ഇൻഡോർ സ്റ്റേഡിയം, വോളിബോൾ കോർട്ട്, ബാസ്ക്കറ്റ്ബോൾ കോർട്ട്<br>• ഗേൾസ് ഫ്രണ്ട്ലി ടോയ്ലറ്റ്<br>• മാലിന്യസംസ്കരണം | • പൂർവ്വ വിദ്യാർത്ഥി സംഗമങ്ങൾ<br>• പൂർവ്വാദ്ധ്യാപക സംഗമം<br>• വിദ്യാലയ വികസനസമിതി<br>• പി.ടി.എയുടെ നേതൃത്വത്തിൽ ഭവന സന്ദർശനം<br>• പ്രാദേശിക പി.ടി.എ യോഗം<br>• സോപ്പുനിർമ്മാണം |

## മലയാളത്തിളക്കം.

മലയാള ഭാഷ തെറ്റുകൂടാതെ എഴുതാനും വായിക്കാനും അരിയാത്ത 5 മുതൽ 7 വരെ ക്ലാസ്സുകളിലെ കുട്ടികൾക്കായി ബി.ആർ.സി യുടെ നേതൃത്വത്തിൽ നടത്തിയ കർമ്മപരിപാടിയാണ് മലയാളത്തിളക്കം. ബി.ആർ സി യിലെ അദ്ധ്യാപകർ ആദ്യം അദ്ധ്യാപകർക്ക് പരിശീലനം നൽകുകയും തുടർന്ന് ക്ലാസ്സുകൾ ഓരോ വിദ്യാലയങ്ങളിലും ഒരേ ദിവസം ആരംഭിച്ച് കുട്ടികൾക്ക് പ്രയോജനപ്രദമായി നൽകി. ചിഹ്നങ്ങളും അക്ഷരങ്ങളും എഴുതുമ്പോഴും വായിക്കുമ്പോഴും വരുത്തുന്ന തെറ്റുകൾ സ്വയം കണ്ടെത്തുന്നതിനും പരിഹരിക്കുന്നതിനും സാധിച്ചു.

തുടർ പരിപാടിയെന്ന നിലയിൽ കുട്ടികളുടെ രക്ഷിതാക്കളെ വരുത്തി വീട്ടിലിരുന്ന് അവർക്ക് സ്വതന്ത്രമായി വായിക്കാനും എഴുതാനുമുള്ള അവസരം ഒരുക്കി കൊടുക്കണമെന്ന് ആവശ്യപ്പെടുകയുണ്ടായി.

കുട്ടികളിൽ ചിഹ്നബോധവും ഉച്ചാരണബോധവും ഉറപ്പിക്കാനും മലയാള ഭാഷയെ അറിയാനും സ്നേഹിക്കാനും 'മലയാളത്തിളക്കം' പരിപാടി ഏറെ പ്രയോജനകരമായിരുന്നു.

## ശ്രദ്ധ – മികവിലേക്കൊരു ചുവട്

എല്ലാ കുട്ടികളേയും മുൻനിരയിലേക്കെത്തിക്കാൻ കേരള ഗവൺമെന്റ് നടപ്പിലാക്കുന്ന 'ശ്രദ്ധ' എന്ന പരിപാടി ഇവിടെയും നടപ്പിലാക്കി വരുന്നു. കഴിഞ്ഞ ഒക്ടോബറിൽ തുടങ്ങിയ പരിശീലനം പുരോഗതിയുടെ പാതയിലാണ്. ഇംഗ്ലീഷ്, ഗണിതം, സയൻസ്, മലയാളം എന്നീ വിഷയങ്ങളിലായി 5–ാം ക്ലാസ്സിലെ 12 ഓളം കുട്ടികൾ ഇതിനായി തിരഞ്ഞെടുത്തിട്ടുണ്ട്. എല്ലാ കുട്ടികളും തന്നെ ഇംഗ്ലീഷ് അക്ഷരങ്ങൾ എഴുതാനും വായിക്കാനും പഠിച്ചതിനു പുറമെ വാചകങ്ങൾ വായിക്കാൻ പഠിച്ചുവരുന്നു. സയൻസ്, മലയാളം വിഷയങ്ങളിലും അടിസ്ഥാനാശയങ്ങൾ ഗ്രഹിച്ച് കൂടുതൽ ഉത്സാഹത്തോടെ മുന്നേറിക്കൊണ്ടിരിക്കുന്നു.

# സ്കൂളിലെ അദ്ധ്യാപകർ

| | | | |
|---|---|---|---|
| 1. | പ്രഥമാദ്ധ്യാപിക | – | ശ്രീമതി. സലില വി.കെ |
| 2. | സീനിയർ അസ്സിസ്റ്റന്റ് | – | ശ്രീ. ഹരിഗോവിന്ദൻ കെ.സി |
| 3. | സ്റ്റാഫ് സെക്രട്ടറി | – | ശ്രീമതി. ധന്യ കെ.ആർ |
| 4. | എസ്.ആർ.ജി.കൺവീനർ | – | ശ്രീമതി. ബിനാഷ ബാബു |
| 5. | എസ്.ഐ.ടി.സി | – | ശ്രീമതി. ധന്യ |
| 6. | മലയാളം അദ്ധ്യാപിക | – | ശ്രീമതി.ബിനാഷ ബാബു |
| 7. | ഇംഗ്ലീഷ് അദ്ധ്യാപിക | – | ശ്രീമതി. ലിന്റ പി.ദേവസ്സി |
| 8. | ശാസ്ത്രാദ്ധ്യാപിക | – | ശ്രീമതി.രേഖ ഒ.പി |
| 9. | ഗണിതാദ്ധ്യാപകൻ | – | ശ്രീ. ഹരിഗോവിന്ദൻ കെ.വി |
| 10. | അറബിദ്ധ്യാപകൻ | – | ശ്രീ. അബ്ദുൾ നാസർ പി.എം |
| 11. | സംസ്കൃതദ്ധ്യാപിക | – | ശ്രീമതി. സ്മിഷ വി.ഡി |
| | | – | ശ്രീമതി. സുനിത ലിയോൺസ് (UPST) |
| | | – | ശ്രീമതി. ശ്രീജ ടി.എൻ (UPST) |

# മലയാളം

പ്രവർത്തനം : 1

പ്രവർത്തനത്തിന്റെ പേര് : അക്ഷരങ്ങളും ചിഹ്നങ്ങളും എഴുത്തിലൂടെയും വായനയിലൂടെയും ഉറപ്പിക്കൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഭാഷാപരമായ പിന്നോക്കാവസ്ഥ (എഴുത്തിലും വായനയിലും പരിഹരിക്കൽ) | പ്രീ–ടെസ്റ്റ് അക്ഷരങ്ങളും വാക്കുകളും ഉറപ്പിക്കുന്നു. ചിന്താബോധം ഉറപ്പിക്കുന്നു. വായനയ്ക്കായി പുസ്തകങ്ങൾ നൽകൽ | ഹ്രസ്വ കാലം | ഭാഷാധ്യാപകർ | എച്ച്.എം./ പി.ടി.എ. |

പ്രവർത്തനം : 2

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സ്വരസ്ഥാനങ്ങൾ തിരിച്ചറിഞ്ഞ ശരിയായ രീതിയിൽ അക്ഷരങ്ങളും വാക്കുകളും പ്രയോഗിക്കാൻ ശീലിപ്പിക്കൽ | വായിച്ച പുസ്തകങ്ങളിലെ ഇഷ്ടപ്പെട്ട ഭാഗം അവതരിപ്പിക്കൽ കേട്ടെഴുത്ത് ശീലിപ്പിക്കുക | ഹ്രസ്വകാലം | ഭാഷാധ്യാപകൻ | എച്ച്.എം/ പി.ടി.എ |

പ്രവർത്തനം : 3

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഭാഷാപരമായി വെല്ലുവിളി നേരിടുന്നവർക്ക് പ്രത്യേക പരിശീനം നൽകൽ | ഇവർക്കായി രാവിലെയും വൈകുന്നേരങ്ങളിലും പ്രത്യേക ക്ലാസ്സുകൾ | ദീർഘകാലം | പ്രത്യേക പരിശീനം നേടിയ അധ്യാപകർ | എച്ച്.എം. /പി.ടി.എ |

പ്രവർത്തനം : 4

പ്രവർത്തനത്തിന്റെ പേര് : മാതൃഭാഷയിലെ വിവിധ ശേഷികളുടെ വികാസം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സർഗ്ഗാത്മക രചനകളിൽ ഏർപ്പെടാൻ അവസരമൊരുക്കൽ. വായനാ സാമഗ്രികളുടെ നിർമ്മാണം | കഥയരങ്ങ്/ കവിതയരങ്ങ് /കവിയരങ്ങ് എന്നിവ സംഘടിപ്പിക്കൽ. രൂപപ്പെടുന്ന ഉല്പന്നങ്ങൾ ചെറിയ കയ്യെഴുത്തു പ്രതികളാക്കൽ | ഹ്രസ്വകാലം | വിദ്യാരംഗം കലാസാഹിത്യ വേദി | സ്പോൺസർഷിപ്പ് |

പ്രവർത്തനം : 5
പ്രവർത്തനത്തിന്റെ പേര് : ബ്ലോഗ് നിറയ്ക്കൽ യജ്ഞം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| രചനകൾ നവമാധ്യമങ്ങളിലൂടെ പ്രസിദ്ധീകരിക്കൽ | കുട്ടികളുടെ മികച്ച രചനകൾ സ്കൂൾ ബ്ലോഗിൽ ചേർക്കൽ | ഹ്രസ്വ കാലം | വിദ്യാരംഗം കലാസാഹിത്യവേദി. എസ്.ഐ.ടി.സി | |

പ്രവർത്തനം : 6
പ്രവർത്തനത്തിന്റെ പേര് : സർഗ്ഗസല്ലാപം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഭാഷയിലൂടെ വിവിധ ശേഷികളിൽ മികവ് നേടുക | പ്രാദേശികമായി ലഭ്യമാകുന്ന എഴുത്തുകാരെ സ്കൂളിലെത്തിക്കൽ. അവരുടെ അനുഭവങ്ങൾ കുട്ടികളുമായി പങ്കുവെയ്ക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | എച്ച്.എം. & പി.ടി.എ | 2000/- സ്പോൺസർഷിപ്പ് |

പ്രവർത്തനം : 7

പ്രവർത്തനത്തിന്റെ പേര് : ഗ്രന്ഥശാലാശാക്തീകരണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിവിധ സാഹിത്യ രൂപങ്ങൾ പരിചയപ്പെടാൻ അവസരമൊരുക്കൽ | ഗ്രന്ഥശാലയിലേയ്ക്ക് കൂടുതൽ പുസ്തകങ്ങൾ കണ്ടെതൽ പുസ്തകങ്ങൾ വർഗ്ഗീകരിച്ച് ക്രമീകരിക്കൽ, കാറ്റലോഗ്, വിതരണം രജിസ്റ്റർ എന്നിവ ശാസ്ത്രീയ | വർഷത്തിൽ രണ്ടു വീതം | എച്ച്.എം., പി.ടി.എ, ലൈബ്രേറിയൻ | 2000/- സ്പോൺസർഷിപ്പ് |

പ്രവർത്തനം : 8

പ്രവർത്തനത്തിന്റെ പേര് : നാടകക്കളരി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഒരു സാഹിത്യരൂപത്തെ മറ്റൊരു രൂപത്തിലേക്ക് മാറ്റൽ | പരിചയപ്പെട്ടിട്ടുള്ള ബാലസാഹിത്യ നോവലുകൾ/ചെറുകഥകൾ എന്നിവയുടെ നാടകാവിഷ്ക്കരണം | മൂന്നുമാസത്തിലൊരിക്കൽ | ആർട്സ് ക്ലബ്ബ് | – |

പ്രവർത്തനം : 9

പ്രവർത്തനത്തിന്റെ പേര് : അഭിമുഖങ്ങൾ/സെമിനാറുകൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സർഗ്ഗശേഷികളുടെ പരിപോഷണം | പ്രശസ്തരായ സാഹിത്യകാരന്മാരുമായി അഭിമുഖം നടത്തൽ. സാഹിത്യ നായകന്മാർ പങ്കെടുക്കുന്ന വിവിധ സെമിനാറുകൾ സംഘടിപ്പിക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | ഒ.എസ്.എ. എച്ച്.എം./ പി.ടി.എ | 10,000/- (ഒ.എസ്.എ എച്ച്.എം/ പി.ടി.എം. |

## സംസ്കൃതം

| Programme | Activity |
|---|---|
| എഴുത്തിലും വായനയിലും ഉള്ള ന്യൂനതകൾ പരിഹരിക്കൽ | 1. അക്ഷരങ്ങളും വാക്കുകളും ഉറപ്പിക്കുന്നു.<br>2. ചിഹ്നം<br>3. ലളിതമായ വാക്കുകളുടെ അർത്ഥാവബോധം.<br>4. പകർത്തെഴുത്ത്. |
| ഉച്ചാരണശുദ്ധി | 1. സ്വരസ്ഥാനങ്ങൾ തിരിച്ചറിഞ്ഞ് ഉച്ചരിക്കുന്നതിനായുള്ള പരിശീലനം<br>2. ലളിതമായ കഥയോ കവിതയോ ഉച്ചാരണശുദ്ധിയോടെ വായിക്കുന്നതിനുള്ള പരിശീലനം.<br>3. കേട്ടെഴുത്ത്. |

| | |
|---|---|
| വ്യക്തവും സ്പഷ്ടവുമായ വായന | 1. ലഘുവായനയ്ക്കുവേണ്ടി ലളിതമായ സംസ്കൃതപുസ്തകങ്ങളെ പരിചയപ്പെടുത്തുയും വായനയ്ക്കായി നൽകുകയും ചെയ്യുക.<br>2. വിവിധ രചനാ മാതൃകകൾ നൽകി വായിപ്പിക്കുക |
| പദസമ്പത്ത് വർദ്ധിപ്പിക്കുക | 1. ചിരപരിചിതങ്ങളായ വാക്കുകളുടെ സംസ്കൃതപദങ്ങൾ പരിചയപ്പെടുത്തൽ<br>2. പാഠത്തിലെ ശബ്ദകോശങ്ങൾ ഹൃദിസ്ഥമാക്കുക<br>3. ലളിതവും പരിചിതങ്ങളുമായ ശബ്ദങ്ങൾ നൽകി അർത്ഥാവബോധം നൽകുക.<br>4. നിഘണ്ടു നിർമ്മാണം |
| ആശയസമ്പത്ത് വർദ്ധിപ്പിക്കുക | 1. ലളിതമായ വിഷയങ്ങൾ നൽകി കവിത, കഥ എന്നിവയുടെ മാതൃകകൾ പരിചയപ്പെടുത്തി കഥ–കവിതാ രചനയ്ക്ക് കുട്ടികളെ പ്രാപ്തരാക്കൽ<br>2. സ്കൂൾ അസംബ്ലിയിൽ അവതരിപ്പിക്കൽ<br>3. സംസ്കൃതത്തിൽ ഡയറി എഴുതുന്നതിനുള്ള പ്രേരണ<br>4. യാത്രാവിവരണം എഴുതുന്നതിന് പ്രാപ്തരാക്കുക. |
| പദ്യം ചൊല്ലൽ, അക്ഷരശ്ലോകം എന്നിവ അവതരിപ്പിക്കുവാൻ പ്രാപ്തരാക്കുക | വിവിധ വൃത്തങ്ങളിലുള്ള ശ്ലോകങ്ങളെ പരിചയപ്പെടുത്തൽ, ആശയത്തനിമയോടെ അവതരിപ്പിക്കുന്നതിന് പരിശീലനം നൽകുക, ശ്ലോകങ്ങളുടെ കണ്ഠസ്ഥീകരണം, അക്ഷരശ്ലോ സദസ്സ് സംഘടിപ്പിക്കക, സ്കൂൾ |

| | |
|---|---|
| | അസംബ്ലിയിലവതരിപ്പിക്കുക, ക്ലാസ്സിൽ നിരന്തരമായ അഭ്യാസങ്ങളിലൂടെ ശ്ലോകാലാപനശൈലി മെച്ചപ്പെടുത്തുന്നതിനും ഹൃദിസ്ഥമാക്കുന്നതിനും അവസരം നൽകുക. |
| പ്രഭാഷണാവതരണം. ഉപന്യാസരചനാസമാർത്ഥ്യം . | ആനുകാലികവിഷയങ്ങളെക്കുറിച്ച് ഉപന്യാസം തയ്യാറാക്കുന്നതിനുള്ള പരിശീലനം പ്രഭാഷണശൈലി, അവതരണം ഇവ ദൃശ്യശ്രവ്യമാധ്യമങ്ങളുടെ സഹായത്തോടെ നേടുന്നതിനുള്ള അവസരമൊരുക്കുക |
| ഗംഭാഷണ സംസ്കൃത്തിന് പ്രാപ്തരാക്കുക | ലളിതമായ സംസ്കൃതപദങ്ങളുപയോഗിച്ച് സംഭാഷണത്തിന് പ്രേരിപ്പിക്കുക. സംഭാഷണത്തിന് വേണ്ടി സാഹചര്യവും പരിശീലനവും നൽകുക. |
| സംസ്കൃത സുഭാഷിതങ്ങൾ സൂക്തികൾ ഇവ ഹൃദിസ്ഥമാക്കൽ | സംസ്കൃത സൂക്തികളും സുഭാഷിതങ്ങളും ഹൃദിസ്ഥമാക്കുന്നതിനുള്ള അവസരങ്ങൾ നൽകുകയും സ്വജീവിതത്തിൽ പകർത്തുന്നതിന് പ്രാപ്തരാക്കുകയും ചെയ്യുക. |

# ഇംഗ്ലീഷ്

5 മുതൽ 10 വരെയുള്ള കുട്ടികളുടെ ഇംഗ്ലീഷ് ഭാഷാ പഠനത്തിനായി അവരെ എഴുതാനും വായിക്കാനും പ്രാപ്തരാക്കുന്നതിലേയ്ക്കുള്ള പ്രവർത്തനങ്ങളും ക്രമങ്ങളും നടത്തിവരുന്നു. മൂന്നു വർഷത്തിനുള്ളിൽ ലക്ഷ്യം കൈവരിക്കും. അതിനായി താഴെ പറയുന്ന പ്രവർത്തനങ്ങൾ നടത്തും.

പ്രവർത്തനം : 1

പ്രവർത്തനത്തിന്റെ പേര് : ഇംഗ്ലീഷ് പഠനം-പദപ്രശ്ന നിർമ്മാണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളിലൂടെയുള്ള പ്രവർത്തനം | ഇംഗ്ലീഷ് പദപ്രശ്ന നിർദ്ധാരണം നൽകുന്നു. കുട്ടികൾക്ക് ഉത്തരം കണ്ടെത്താൻ നിശ്ചിത സമയം നൽകുന്നു. വിജയികളെ നറുക്കെടുപ്പിലൂടെ പ്രഖ്യാപിക്കുന്നു. | പ്രതിമാസ പരിപാടി | ഇംഗ്ലീഷ് ക്ലബ് | |

പ്രവർത്തനം : 2

പ്രവർത്തനത്തിന്റെ പേര് : ഇംഗ്ലീഷ് കോർണർ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷ് പഠനാന്തരീക്ഷം സൃഷ്ടിക്കൽ | ഇംഗ്ലീഷ് പ്രസിദ്ധീകരണങ്ങൾ, പുസ്തകങ്ങൾ എന്നിവയുടെ ശേഖരം ഒരുക്കൽ. നോട്ടീസ് ബോർഡിൽ വാർത്തകൾ പ്രദർശിപ്പിക്കൽ | പ്രതിമാസ പരിപാടി | ഇംഗ്ലീഷ് ക്ലബ്ബ് | |

പ്രവർത്തനം : 3

പ്രവർത്തനത്തിന്റെ പേര് : ഇംഗ്ലീഷ് ചാറ്റിംഗ്

ഉപമേഖല : ഇംഗ്ലീഷ് പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷിൽ ആശയ വിനിമയം നടത്തുന്നതിന് പ്രാപ്തരാക്കുക | ഇംഗ്ലീഷ് ലാബിലൂടെയുള്ള പ്രവർത്തനം മുഖേനയും, സ്പോക്കൺ ഇംഗ്ലീഷ് ക്ലാസ്സുകൾ നൽകി പരസ്പരം ആശയ വിനിമയം | ഹ്രസ്വകാലം | ക്ലാസ് ടീച്ചർ | |

പ്രവർത്തനം : 4

പ്രവർത്തനത്തിന്റെ പേര് : ഗ്രാമർ സ്കൂൾ

ഉപമേഖല : ഇംഗ്ലീഷ് ഭാഷാ പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വ്യാകരണം – അവധി ദിവസങ്ങളിൽ വ്യാകരണത്തിന് പ്രാധാന്യം നൽകിക്കൊണ്ടുള്ള ഇംഗ്ലീഷ് ക്ലാസ്സുകൾ | അവധിക്കാല ക്ലാസ്സുകൾ | പ്രതിവർഷം 10 ക്ലാസ്സുകൾ | ക്ലാസ് ടീച്ചർ | |

# ഹിന്ദി

പ്രവർത്തനം : 1
പ്രവർത്തനത്തിന്റെ പേര് : ഹിന്ദി ഭാഷ്
ഉപമേഖല : ഹിന്ദി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എല്ലാകുട്ടികളും ഹിന്ദി അക്ഷരങ്ങളും ചിഹ്നങ്ങളും അറിയുന്നു എന്നുറപ്പുവരുത്തുന്നു. കുട്ടികൾ തങ്ങളുടെ പ്രായഘട്ടത്തിനനുസരണമായി ആശയ വിനിമയം നടത്തുകയും ഹിന്ദിയിൽ അർത്ഥപൂർണ്ണമായി എഴുതാനും വായിക്കാനുമുള്ള ശേഷി നേടുക. ആശയങ്ങളെ വിവിധ തരത്തിൽ ആവിഷ്ക്കരിക്കാ | 1. പ്രീ–ടെസ്റ്റ് നടത്തി വിശകലനം ചെയ്ത് പഠിതാക്കളിലെ മികവും പരമിതികളും കണ്ടെത്തുന്നു. | ഹ്രസ്വ കാലം | ഹിന്ദി ടീച്ചർ | എച്ച്.എം./ പി.ടി.എ |
| | 2. പരമിതികൾ പരിഹരിക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ തയ്യാറാക്കൽ | ഹ്രസ്വ കാലം | എച്ച്.എം/ഹിന്ദി ടീച്ചർ | |
| | 3. അക്ഷരചാർട്ടുകൾ, അക്ഷരമാതൃകകൾ, ഷോ കാർഡുകൾ എന്നിവയുടെ സഹായത്തോടെ അക്ഷരങ്ങളും ചിഹ്നങ്ങളും കുട്ടികളിൽ ഉറപ്പിക്കൽ. ഐ.സി.ടി പ്രയോജനപ്പെടുത്തൽ. | ഹ്രസ്വ കാലം | ഹിന്ദി ടീച്ചർ | എച്ച്.എം./ പി.ടി.എ |

| | | | | |
|---|---|---|---|---|
| നുള്ള ശേഷി കൈവരിക്കുക. | 4. ഹിന്ദിയിലുള്ള അസംബ്ലി – ലഘുകഥകളും കവിതകളും അവതരണം | ആഴ്ചയിൽ ഒരു ദിവസം | ക്ലാസ് ടീച്ചർ | |
| | 5. ഒരു പീരിയഡിൽ ഒരു ഭാഷാപരിപാടി (ഹിന്ദി പീരീയഡിൽ – എല്ലാ ക്ലാസ്സിലും). | ഹിന്ദി പീരിയഡുകളിൽ | ഹിന്ദി ടീച്ചർ | |
| | 6. ഹിന്ദി ക്ലാസ് ലൈബ്രറി (വായനാ സമാഗ്രികൾ, ബാലമാസികകൾ, ഹിന്ദി പത്രം | ദീർഘകാലം | ഹിന്ദി ടീച്ചർ/ ക്ലാസ് ടീച്ചർ/ എച്ച്.എം. | എച്ച്.എം./ പി.ടി.എ |
| | 7. ആശയങ്ങളെ വിവിധ തരത്തിൽ ആവഷിക്കരിക്കൽ (പതിപ്പുകൾ, നോട്ടീസ് ബോർഡ് കുറിപ്പുകൾ തുടങ്ങിയവ) | ദീർഘകാലം | ഹിന്ദി ടീച്ചർ/ ക്ലാസ് ടീച്ചർ/ എച്ച്.എം. | എച്ച്.എം./ പി.ടി.എ |

# സോഷ്യൽ സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | സാമ്പത്തിക വിശകലനം/ ചുമതല |
|---|---|---|---|
| സാമൂഹിക ശാസ്ത്ര പഠനം കൂടുതൽ ശാസ്ത്രീയമാക്കുക | **സാമൂഹ്യശാസ്ത്ര ലാബ്**<br>വിദ്യാലയത്തിലെ സൗകര്യപ്രദമായ ഒരു മുറിയിൽ സാമൂഹ്യ ശാസ്ത്ര ലാബ് ക്രമീകരിക്കൽ. | വർഷത്തിൽ ഒരു പ്രാവശ്യം | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ്<br>100000/- |
| പ്രത്യക്ഷാനുഭവത്തിലൂടെ പാഠ്യ വസ്തുതകൾ ഗ്രഹിക്കുക | **പഠനയാത്രകൾ**<br>സാമൂഹ്യ ശാസ്ത്ര പ്രാധാന്യമുള്ള സ്ഥലങ്ങൾ, സ്മാരകങ്ങൾ തുടങ്ങിയ ഇടങ്ങളിലേക്ക് നടത്തുന്ന പഠന യാത്ര. | മാസത്തിൽ ഒന്നു വീതം<br>. | എസ്.ആർ. ജി.<br>10,000/- |
| ആനുകാലിക വിഷയങ്ങളെക്കുറിച്ച് സംവാദം നടത്തി നിഗമനങ്ങൾ രൂപീകരിക്കുക. | **ഡിബേറ്റ്സ് ക്ലബ്ബ്**<br>സമകാലിക പ്രസക്തിയുള്ള സാമൂഹിക ശാസ്ത്ര വിഷയങ്ങളെക്കുറിച്ച് സംവാദം , സെമിനാർ, ഡിബേറ്റ്സ്, പാനൽ, ചർച്ച, പ്രഭാഷണം, തുടങ്ങിയ സംഘടിപ്പിക്കൽ | മാസത്തിൽ ഒന്നു വീതം | എസ്.ആർ. ജി.<br>10,000/- |

| | | | |
|---|---|---|---|
| ജനാധിപത്യ മൂല്യ ങ്ങൾ വളർത്തിയെ ടുക്കൽ | **മോക്ക് പാർലമെന്റ്** പ്രകടന പത്രിക, പ്രചാ രണം, മീറ്റ് ദി കാൻഡിഡേ റ്റ്, ബാലറ്റ് പേപ്പർ വച്ചുള്ള വോട്ടെടുപ്പ് എന്നിവയി ലൂടെ സ്കൂൾ പാർലമെന്റ് രൂപീകരിക്കൽ ഇതിന്റെ നേതൃത്വത്തിൽ ഇടവേളക ളിൽ മോക്ക് പാർലിമെന്റ് സംഘടിപ്പിക്കൽ. | 5 എണ്ണം കാലവർഷ സമ്മേളനം ,തുലാ വർഷ സമ്മേളനം, ഓണക്കാല സമ്മേളനം ക്രിസ്മസ് സമ്മേളനം വേനൽക്കാ ല സമ്മേ ളനം | എസ്.ആർ. ജി. സ്കൂൾ പാർലമെന്റ് 1000/- |
| സാമൂഹിക ശാസ്ത്രത്തിന്റെ വിശാലമായ ഭൂമിക യിലേക്ക് പ്രവേശി പ്പിക്കൽ | **സാമൂഹ്യശാസ്ത്ര ലൈബ്രറി കോർണർ** അധിക വായനക്ക് ഉപക രിക്കുന്ന പുസ്തകങ്ങൾ അറ്റ്ലസുകൾ, ഇയർ ബുക്കുകൾ എന്നിവ ക്രമീ കരിച്ച് സാമൂഹ്യ ശാസ്ത്ര വായന കോർണർ ഒരു ക്കൽ | വർഷ ത്തിൽ ഒരു പ്രാവശ്യം | എസ്.എസ് ക്ലബ് 10,000/- |

| | | | | |
|---|---|---|---|---|
| സാമൂഹിക ശാസ്ത്ര അറിവുകളെ അപ്ഡേറ്റ് ചെയ്യൽ | വിദ്യാലയത്തിലെ മുഴുവൻ വിദ്യാർത്ഥികൾക്കും വായിക്കുവാൻ സൗകര്യ പ്രദമായ ഒരിടത്ത് ബുള്ളറ്റിൻ ബോർഡ് സ്ഥാപിക്കുകയും എല്ലാ ദിവസത്തേയും പ്രധാന വാർത്തകൾ പ്രദർശിപ്പിക്കുകയും ചെയ്യൽ | എല്ലാ പ്രവർത്തി ദിവസങ്ങളിലും | എസ്.എസ് ക്ലബ് 10,000/- | |

## ശാസ്ത്രം (~~ഹൈസ്കൂൾ~~)

8 മുതൽ 10 വരെയുള്ള മുഴുവൻ കുട്ടികളിലും ശാസ്ത്രാഭിരുചി വളർത്തുവാൻ ഉതകുന്ന പ്രവർത്തനങ്ങൾ നടത്തി മൂന്നു വർഷത്തിനുള്ളിൽ ലക്ഷ്യം കൈവരിക്കുന്നതിനായി താഴെ പറയുന്ന പ്രവർത്തനങ്ങൾ നടത്തുന്നു)

പ്രവർത്തനം : 1

പ്രവർത്തനത്തിന്റെ പേര് : ശാസ്ത്ര ലാബ് നവീകരണം

ഉപമേഖല : ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സ്കൂൾ ശാസ്ത്ര ലാബ് സജീകരണം ശാസ്ത്ര ക്ലാസ്സു | ശാസ്ത്ര ശാഖയിലെ ഫിസിക്സ്, കെമിസ്ട്രി, ബയോളജി എന്നിവയുടെ വിവിധ ഉപകരണങ്ങൾ, | ആഴ്ചയിൽ 2 ദിവസം | ക്ലാസ് ടീച്ചർ | 8-10 ക്ലാസ് |

| | | | | |
|---|---|---|---|---|
| കൾ ലാബു മായും ലാബ് ക്ലാസ്സുമായും ബന്ധിപ്പിക്കൽ | രാസവസ്തുക്കൾ, മോഡലു കൾ എന്നിവ പ്രത്യേകം തരം തിരിച്ച് എളുപ്പത്തിൽ കൈകാര്യം ചെയ്യാൻ രീതി യിൽ ഓരോന്നും സജ്ജീകരി ക്കുന്നു. പരീക്ഷണ വസ്തു ക്കൾ അപകടരഹിതമായി കൈകാര്യം ചെയ്യാനുള്ള കഴിവ് നേടുന്നു. | | | |

പ്രവർത്തനം : 2

പ്രവർത്തനത്തിന്റെ പേര് : പഠനയാത്രകൾ

ഉപമേഖല : ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്ര പഠനം കൗതുകം നിറ ഞ്ഞതും, രസക രവുമാക്കാൻ | മംഗളവനം, കുസാറ്റിലെ ശാസ്ത്ര പാർക്ക്, മറ്റ് ശാസ്ത്ര പ്രദർശനങ്ങൾ കാണാനുള്ള അവസരം ഒരുക്കൽ. | പ്രതി വർഷം 2 തവണ | സയൻസ് ക്ലബ്ബ് | 15000–20000 |

പ്രവർത്തനം : 3
പ്രവർത്തനത്തിന്റെ പേര് : ശാസ്ത്രമേളകൾ
ഉപമേഖല : ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിവിധ പ്രവർത്തനങ്ങലുടെ സമ്മേളനമാണ് ശാസ്ത്രവും, പുരോഗതിയും എന്ന അവബോധം വളർത്താൻ | സ്ക്കൂൾ തലത്തിലെ ശാസ്ത്ര മേളകലിൽ പരമാവധി കുട്ടികളുടെ പങ്കാളിത്തം ഉറപ്പാക്കുന്നു. ഉപജില്ലാ തലത്തിലും പങ്കാളിത്തം ഉറപ്പു വരുത്തുന്നു, | വർഷത്തിൽ ഒരു തവണ | സയൻസ് ക്ലബ്ബ് | |

പ്രവർത്തനം : 4
പ്രവർത്തനത്തിന്റെ പേര് : ഔഷധതോട്ടം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തുക. | ഔഷധ തോട്ട നിർമ്മാണം, പ്ലാസ്റ്റിക് നിർമ്മാർജ്ജനം | വർഷത്തിൽ 1 ആഴ്ചയിലൊരിക്കൽ | സയൻസ് ടീച്ചർ | 10000/- |

പ്രവർത്തനം : 5

പ്രവർത്തനത്തിന്റെ പേര് : ജൈവ വൈവിദ്ധ്യ പാർക്ക്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പ്രകൃതിയിലെ പരസ്പരാശ്രയത്വം തിരിച്ചറിയുക | സ്കൂളിൽ സൗകര്യ പ്രദമായ സ്ഥലത്ത് ജൈവവൈവിദ്ധ്യ പാർക്ക് നിർമ്മിക്കൽ | മദ്ധ്യമ കാലം | എസ്. ആർ.ജി | 3 ലക്ഷം |

## ഗണിതം

പ്രവർത്തനം : 1

പ്രവർത്തനത്തിന്റെ പേര് :

ഉപമേഖല : ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. അടിസ്ഥാന ഗണിതങ്ങൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കുക. | ചതുഷ്ക്രിയകൾ ഉൾപ്പെടുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്താമെന്നാവശ്യപ്പെടുന്നു. പരിഹാര ബോധനം നൽകുന്നു. | ഹ്രസ്വ കാലം | ഗണിതാദ്ധ്യാപിക | എച്ച്.എം |

| | | | | |
|---|---|---|---|---|
| 2.എണ്ണൽ സംഖ്യയും ഭിന്നസംഖ്യയും ചേർന്ന സംഖ്യകളുടെ തുകയും വ്യത്യാസവും കണ്ടെത്തുക. | വിവിധ സംഖ്യകൾ ഉൾപ്പെടുന്ന പ്രശ്നങ്ങൾ നൽകി അവയുടെ പരിഹാരം കണ്ടെത്താൻ ആവശ്യപ്പെടുന്നു. | ഹ്രസ്വകാലം | ഗണിതാദ്ധ്യാപിക | എച്ച്.എം |
| 3.ഗണിതം ആസ്വദിക്കാൻ കവിയുന്ന രീതിയിൽ കുട്ടിയെ വളർത്തുക. | വിവിധ പാറ്റേണുകൾ നൽകി അതുപോലെ മറ്റുള്ളവ കണ്ടെത്തുകയും അവയുടെ ബീജഗണിത രീതിയിലുള്ള വിശദീകരണം കണ്ടെത്താൻ ആവശ്യപ്പെടുകയും സഹായിക്കുകയും ചെയ്യുന്നു. | ഹ്രസ്വകാലം | ഗണിതാദ്ധ്യാപിക | എച്ച്.എം |
| 4.ബന്ധങ്ങൾ മനസ്സിലാക്കുന്നതിനും കാര്യ കാരണസഹിതം വിശദീരിക്കുന്നതിനും കഴിവുണ്ടാക്കുക | | ഹ്രസ്വകാലം | ഗണിതാദ്ധ്യാപിക | എച്ച്.എം |
| 5.കൃത്യകയോടും സൂക്ഷ്മതയോടും കാര്യങ്ങൾ ചെയ്യുന്നതിനും അതിന്റെ പ്രാധാന്യം മനസ്സിലാക്കുന്നതിനും പര്യാപ്തമാക്കുക. | വിവിധയിനം ചതുർഭുജങ്ങൾ വരക്കുവാൻ ആവശ്യപ്പെടുന്നു, സഹായിക്കുന്നു. (കൊടുത്തിട്ടുള്ള അളവുകൾക്കനുസരിച്ച്) | ഹ്രസ്വകാലം | ഗണിതാദ്ധ്യാപിക | എച്ച്.എം |

പ്രവർത്തനം : 2

ഉപമേഖല : ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ദൈനംദിന ജീവിത പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഗണിതത്തെ ഉപയോഗപ്പെടുത്തുക | ലാഭം, നഷ്ടം, ഡിസ്ക്കൗണ്ട്, റിബേറ്റ്, പലിശ | ഹ്രസ്വ കാലം | ഗണിതാദ്ധ്യാപിക | |

പ്രവർത്തനം : 3

ഉപമേഖല : ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഗണിതത്തിൽ പിന്നോക്കക്കാരായ കുട്ടികൾക്ക് താൽപ്പര്യം ജനിപ്പിക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൽ | രസകരമായ ഗണിതാനുഭവങ്ങൾ, മോഡലുകൾ ഉണ്ടാക്കൽ, ഗണിത ക്ലബ്ബ് | പ്രതി മാസ പരിപാടി | ഗണിതാദ്ധ്യാപകർ | 1000/- |

പ്രവർത്തനം : 4
പ്രവർത്തനത്തിന്റെ പേര് : ഒറിഗാമി ശിൽപ്പശാല
മേഖല/ഉപമേഖല : ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| രസകരമായ ഗണിതശാസ്ത്ര പഠനവും കരച ലനശേഷിക ളുടെ വികാ സവും | ജാപ്പനീസ് കലയായ ഒറിഗാമിയിലൂടെ ഗണി തശേഷികൾ കൈവരി ക്കുന്നതിനുള്ള പരിശീ ലനം നൽകൽ, വിവിധ രൂപങ്ങൾ നിർമ്മിക്കു ന്നു. പ്രദർശനം | വർഷ ത്തിൽ ഒരു തവണ | വർഷ ത്തിൽ ഒരു തവണ | 1000/- |

## കായിക പരിശീലനം

**ഘട്ടം 1**

സൗകര്യം ഒരുക്കൽ - കോർട്ട്കളും ഉപകരങ്ങളും ലഭ്യമാക്കൽ
ചുമതല - പി.ടി.എ എൽ.എസ് ജി.ഡി
സാമ്പത്തികം - മുനിസിപ്പാലിറ്റി 10-20 - 20 ലക്ഷം

**ഘട്ടം 2**

**പരിശീലനം**

ആഴ്ചയിൽ 5 ദിവസം രാവിലെയും വൈകിട്ടും
ചുമതല - പി.ടി.എ, കായികാദ്ധ്യാപകൻ
സാമ്പത്തികം - 15000/- സ്പോൺസർഷിപ്പ്
(കുട്ടികളുടെ പോഷകാഹാരവും, ആരോഗ്യ സംരക്ഷണവും)

പ്രവർത്തനത്തിന്റെ പേര് : **കായിക പരിശീലനം**

| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തിക വിശകലനം** |
|---|---|---|---|---|
| കായിക പരിശീലനം കാര്യക്ഷമമാക്കൽ | രാവിലെയും വൈകുന്നേരവും കായിക പരിശീലനം കുട്ടികൾക്ക് ലഘു ഭക്ഷണം നൽകൽ | ഹൃസ്വ കാലം | പി.ടി.എ അദ്ധ്യാപകൻ | 15000/- (സ്പോൺസർഷിപ്പ്) |

കായിക വിദ്യാഭ്യാസത്തിന്റെ പ്രാധാന്യത്തെക്കുറിച്ചും, ആരോഗ്യ സംരക്ഷണത്തെപ്പറ്റിയുള്ള ബോധവൽക്കരണ ക്ലാസ്സുകൾ നടത്തുക. കായിക മികവ് തെളിക്കുന്ന കുട്ടികൾക്ക് മറ്റു മത്സരങ്ങളിൽ പങ്കെടുക്കുന്നതിനായി വിദഗ്ദ്ധ കോച്ചുകളുടെ സേവനം ലഭ്യമാക്കുക.

## കായിക പരിശീലനത്തിനാവശ്യമായ കോർട്ടുകളുടെ നിർമ്മാണം

| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തിക വിശകലനം** |
|---|---|---|---|---|
| കായിക പരിശീലനത്തിനാവശ്യമായ മികച്ച സൗകര്യം ഒരുക്കൽ | മുഴുവൻ കുട്ടികൾക്കും വിവിധതരം കളികളിലും, മത്സരങ്ങളിലും ഏർപ്പെടാൻ കഴിയുന്ന വിധത്തിലുള്ള സൗകര്യങ്ങൾ | ദീർഘ കാലം | പി.ടി.എ. എൽ. എസ് ജി.ഡി | 10-20 ലക്ഷം മുനിസിപ്പാലിറ്റി |

**വിവിധ തരം കോർട്ടുകൾ നിർമ്മിക്കുക.**
(ഷട്ടിൽ, ബാൾ, ബാഡ്മിന്റൻ, ഇൻഡോർ സ്റ്റേഡിയം, വോളിബോൾ കോർട്ട്, ബാസ്ക്കറ്റ് ബോൾ കോർട്ട്.)

പ്രവർത്തനം : 1
പ്രവർത്തനത്തിന്റെ പേര് : കെട്ടിടം, മേഖല, ഭൗതികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഭൗതിക സൗകര്യമൊരുക്കി അക്കാദമിക പ്രവർത്തനം കാര്യക്ഷമമാക്കൽ | മെച്ചപ്പെട്ട അന്തരീക്ഷത്തിൽ കുട്ടികൾക്ക് വിദ്യ അഭ്യസിക്കുന്നതിന് | മദ്ധ്യമം | മുനിസിപ്പാലിറ്റി | ഒന്നര കോടി (65 ലക്ഷം എം. എൽ.എ ഫണ്ട്) |

പ്രവർത്തനം : 2
പ്രവർത്തനത്തിന്റെ പേര് : അസംബ്ലി ഹാൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അക്കാദമിക പ്രവർത്തനം കാര്യക്ഷമമാക്കൽ | മഴക്കാലത്തും സുഖപ്രദമായ അന്തരീക്ഷത്തിൽ അസംബ്ലി ചേരുവാൻ സാധിക്കണം | മദ്ധ്യമം | പി.ടി.എ | 10-15 ലക്ഷം |

പ്രവർത്തനം : 3

പ്രവർത്തനത്തിന്റെ പേര് : പൂന്തോട്ടം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സ്കൂൾ ആകർഷകമാക്കൽ, ശ്രദ്ധയും സഹകരണ മനോഭാവവും വളർത്തൽ | ആകർഷണീയമായ വിധത്തിൽ സ്കൂൾ പരിസരം ചെടികൾ നട്ടുപിടിപ്പിക്കൽ | മദ്ധ്യമം | പി.ടി.എ അദ്ധ്യാപകർ, കുട്ടികൾ | 200000/- |

പ്രവർത്തനം : 4

പ്രവർത്തനത്തിന്റെ പേര് : വരാന്ത, ടോയ്‌ലറ്റിലേക്കുള്ള നടപ്പാത ടൈലിംങ്ങ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സ്കൂൾ ആകർഷകമാക്കൽ, സുരക്ഷിതത്വം | സ്കൂൾ വരാന്ത ആകർഷകമാക്കൽ ടോയ്‌ലറ്റിലേക്കുള്ള നടപ്പാത ആരോഗ്യപരവും വൃത്തിയുമുള്ളതാക്കൽ | 2 വർഷം | പി.ടി.എ. | 5 ലക്ഷം |

പ്രവർത്തനം : 5

പ്രവർത്തനത്തിന്റെ പേര് : ട്രസ്സ് വർക്ക്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കെട്ടിടത്തിന്റെ സുരക്ഷ ഉറപ്പാക്കൽ | മഴക്കാലത്ത് കെട്ടിടത്തിന്റെ ചോർച്ച ഒഴിവാക്കൽ | 3 വർഷം | പി.ടി.എ., എൽ. എസ് ജി.ഡി | 10–12 ലക്ഷം |

പ്രവർത്തനം : 6

പ്രവർത്തനത്തിന്റെ പേര് : സൗരോർജ്ജ പാനൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളെ ഉപയോഗപ്പെടുത്തൽ | സ്കൂൾ കെട്ടിടത്തിനു മുകളിൽ സൗരോർജ്ജ പാനൽ സ്ഥാപിച്ച് സ്കൂളിലെ ആവശ്യങ്ങൾക്ക് വൈദ്യുതി ലഭ്യമാക്കൽ | 3 വർഷം | പി.ടി.എ. | 15–25 ലക്ഷം |

പ്രവർത്തനം : 7

പ്രവർത്തനത്തിന്റെ പേര് : സ്കൂൾ ബസ്സ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളുടെ സുരക്ഷിത യാത്ര | സ്കൂൾ ബസ്സ് | ദീർഘ കാലം | എച്ച്.എം | 15–20 ലക്ഷം |

പ്രവർത്തനം : 8

പ്രവർത്തനത്തിന്റെ പേര് : മാലിന്യ സംസ്ക്കരണയൂണിറ്റ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളുടെ ആരോഗ്യത്തിനായി ശുചിത്വമുള്ള അന്തരീക്ഷം ഒരുക്കൽ | ജൈവ മാലിന്യങ്ങലും അജൈവ മാലിന്യങ്ങളും സംസ്ക്കരിക്കുന്നതിനുള്ള ക്രമീകരണം സൗകര്യപ്രദമായ സ്ഥലത്ത് ഒരുക്കൽ | ഹ്രസ്വം ~~ദീർഘകാലം~~ | എസ്.എസ്.ജി. | 1 ലക്ഷം |

പ്രവർത്തനം : 9
പ്രവർത്തനത്തിന്റെ പേര് : ഗേൾസ് ഫ്രണ്ട്‌ലി ടോയ്‌ലറ്റ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പെൺകുട്ടികൾക്ക് ഭയമില്ലാതെയും മടികൂടാതെയും ഉപയോഗിക്കാൻ സാധിക്കുന്ന ശുചിത്വമുള്ള ശൗചാലയം ഒരുക്കൽ | സൗകര്യപ്രദാമായ സ്ഥലത്ത് ഒറ്റനിലയായി ശൗചാലയ സമുച്ചയം നിർമ്മിക്കൽ | ദീർഘം | പി.ടി.എ എൽ.എ സ്.ജി.ഡി | 10 ലക്ഷം |

പ്രവർത്തനം : 1
പ്രവർത്തനത്തിന്റെ പേര് : പൂർവ്വ വിദ്യാർത്ഥി സംഗമങ്ങൾ
മേഖല/ഉപമേഖല : സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സമൂഹ പങ്കാളിത്തം ഉറപ്പാക്കൽ | വിവിധ ബാച്ചുകളിലായി പൂർവ്വ വിദ്യാർത്ഥി സംഗമം വിളിച്ചു ചേർക്കുന്നു. അവരുടെ മുമ്പിൽ വിദ്യാലയത്തിന്റെ ആവശ്യം അവതരണം | വർഷത്തിൽ 2 തവണ | എസ്.എ സ്.ജി.ഒ. എസ്.എ | 1000 |

പ്രവർത്തനം : 2
പ്രവർത്തനത്തിന്റെ പേര് : പൂർവ്വാദ്ധ്യാപക സംഗമം
മേഖല/ഉപമേഖല : സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സമൂഹപങ്കാളിത്തം ഉറപ്പിക്കൽ | പൂർവ്വാദ്ധ്യാപകരുടെ സമിതി വിളിച്ചു ചേർക്കൽ | വർഷത്തിലൊരിക്കൽ | സ്റ്റാഫ് കൗൺസിൽ | 1000 |

പ്രവർത്തനം : 3
പ്രവർത്തനത്തിന്റെ പേര് : പ്രാദേകിക പി.ടി.എ യോഗം
മേഖല/ഉപമേഖല : സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സമൂഹ പങ്കാളിത്തം ഉറപ്പാക്കൽ | വിവിധ മേഖലകളായി തരം തിരിച്ച് ര7ിതാക്കൾക്ക് സൗകര്യപ്രദമായ സമയത്ത് പി.ടി.എ യോഗങ്ങൾ ചേരൽ | വർഷത്തിൽ ഒരിക്കൽ | എസ്.എസ്.ജി. ആർ.ജി | 1000 |

പ്രവർത്തനം : 4

പ്രവർത്തനത്തിന്റെ പേര് : വിദ്യാലയ വികസന സമിതി

മേഖല/ഉപമേഖല : സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സമൂഹ പങ്കാളിത്തം ഉറപ്പാക്കൽ | വികസനസമിതി ശക്തിപ്പെടുത്തൽ | വർഷത്തിൽ 2 തവണ | പി.ടി.എ, പ്രിൻസിപ്പാൾ, എച്ച്.എം | 1000 |

പ്രവർത്തനം : 5

പ്രവർത്തനത്തിന്റെ പേര് : പി.ടി.എ യുടെ നേതൃത്വത്തിൽ ഭവന സന്ദർശനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അടുത്ത അദ്ധ്യയനവർഷത്തേക്കുല്ള അഡ്മിഷൻ | ഗമൂഹ പങ്കാളിത്തത്തോടെ അടുത്ത അദ്ധ്യയന വർഷത്തേക്കുള്ള കുട്ടികളുടെ ഭവന സന്ദർശനം | അദ്ധ്യയന വർഷാവസാനം | പി.ടി.എ സ്റ്റാഫ് കൗൺസിൽ | 500 |

പ്രവർത്തനം : 6

പ്രവർത്തനത്തിന്റെ പേര് : സോപ്പു നിർമ്മാണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സഹായ സഹകരണ മനോഭാവം വളർത്തൽ | സോപ്പു നിർമ്മിച്ച് വിൽപ്പന നടത്തി സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന സഹപാഠികൾക്കൊരു കൈതാങ്ങ് | ഹ്രസ്വ കാലം | പി.ടി.എ. എം.പി.ടി.എ | 10,000/- |

# ഉപസംഹാരം

ഒരു വിദ്യാലയത്തിന്റെ സമഗ്ര വികസനം പൂർണ്ണമാകുന്നത് അവിടത്തെ ഭൗതിക-അക്കാദമിക മേഖലകൾ മെച്ചപ്പെടുത്തുമ്പോഴാണ്. ഭൗതിക സാഹചര്യങ്ങളുടെ വളർച്ച അക്കാദമിക മേഖലയിലെ വളർച്ചയ്ക്ക് ആക്കം കൂട്ടും എന്ന കാര്യത്തിൽ തർക്കമില്ല. ആയതിനാൽ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തേണ്ടത് സ്കൂളിന്റെ വികസനത്തിന് അത്യാവശ്യമാണ്. ഇതിനെ പി.ടി.എയുടെയും സ്കൂൾ അധികൃതരുടെയും അഭ്യുദയകാംക്ഷികളുടെയും സഹായ സഹകരണം കൂടിയേ തീരൂ. ഭൗതികമേഖലയുടെ വികസനത്തിലൂടെ അക്കാദമിക മേഖലയുടെ വികസനം ഏറ്റവും കാര്യക്ഷമമായി നിർവ്വഹിക്കാൻ കഴിയും. ഇത് എല്ലാ അധ്യാപകരുടെയും കൂട്ടായ്മയിലൂടെ ഉറപ്പുവരുത്താൻ സാധിക്കും. മേൽപ്പറഞ്ഞ ഉദ്ദേശങ്ങൾക്കനുസരിച്ചുള്ള പ്രവർത്തനങ്ങളിലൂടെ നമ്മുടെ വിദ്യാലയത്തിന് വിദ്യാഭ്യാസ മേഖലയുടെ കൊടുമുടികൾ കീഴടക്കാൻ കഴിയും എന്ന് നിസംശയം പറയാം.

****